പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4169 24/6/2019 ൽ മറുപടിക്ക്

## പാറശ്ശാല മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യവികസനം

ചോദ്യം

ശ്രീ.സി.കെ.ഹരീന്ദ്രൻ :

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | പാറശ്ശാല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര മൃഗാശുപത്രികൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | പാറശ്ശാല മണ്ഡലത്തിലെ മൃഗാശുപത്രികൾ എല്ലാം തന്നെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| ബി) | മണ്ഡലത്തിൽ ആകെ എത്ര മൃഗാശുപത്രികൾ ഉണ്ട്; ഏതൊക്കെ ആശുപത്രികളിൽ രാത്രികാല ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | ബി) | 10 വെറ്ററിനറി ഡിസ്പെൻസറിയും ഒരു വെറ്ററിനറി പോളിക്ലിനിക്കുമുൾപ്പെടെ ആകെ 11 മൃഗാശുപത്രികൾ പാറശ്ശാല മണ്ഡലത്തിൽ ഉണ്ട്.<br>പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള വെറ്ററിനറി ഡിസ്പെൻസറിയിൽ രാത്രികാല ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് |
| സി) | പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | പാറശ്ശാല വെറ്ററിനറി പോളി ക്ലിനിക്കിൽ കിണർ നിർമ്മിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും, കള്ളിക്കാട് മൃഗാശുപത്രിക്ക മുകളിൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ